നിർബന്ധിത കമ്പ്യൂട്ടർ പരിജ്ഞാനം

116 (1145) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് അടക്കമുള്ള പി.എസ്.സി.-യുടെ അസിസ്റ്റന്റ്/ക്ലറിക്കൽ തസ്തികകളിലേക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാക്കിയതിനാൽ 13 കോഴ്സുകൾ ഇതിന് വേണ്ടി അംഗീകരിച്ചുകൊണ്ട് 7-8-2012-ൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ പി&എ.ആർ.ഡി.-ക്ക് കത്ത് നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സുകളിൽ കേരളത്തിലെ തന്നെ മറ്റ് യൂണിവേഴ്സിറ്റികളുടെ സമാന കോഴ്സുകൾ ഉൾപ്പെട്ടിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധമായി മുനവിറ കെ. അത്തിക്കാട്ട് ഹൗസ്, ആലിൻ ചുവട്, കുഴിമണ്ണ പി.ഒ., മലപ്പുറം എന്നയാൾ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ 534/VIP/13 (M) (Edn) dt. 18-3-2013 നമ്പറായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കത്തിടപാടുകളുടെ പകർപ്പ് സഹിതം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിഷയം പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

എഞ്ചിനീയറിംഗ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം

117 (1146) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞവർഷം എത്ര സീറ്റുകൾ നിലവിലുണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് പ്രവേശനം നൽകിയെന്നും പറയാമോ ;

(ബി) എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അതിനുള്ള കാരണങ്ങളും പറയാമോ ;

(സി) സംസ്ഥാനത്തൊട്ടാകെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത എത്ര സീറ്റുകൾ ഉണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് പ്രവേശനം നൽകിയെന്നും പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ, എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന സീറ്റുകളും അതിൽ എത്ര പേർക്ക് പ്രവേശനം നൽകിയെന്ന വിവരവും താഴെ ചേർക്കുന്നു :

കോളേജുകൾ	ആകെ സീറ്റുകൾ	പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റ് ലഭ്യമായവ	അലോട്ട്മെന്റ് ചെയ്യപ്പെട്ടവ
സർക്കാർ	3381	3319	3315
എയ്ഡഡ്	1703	1417	1417
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ	7514	6551	5822
സ്വാശ്രയ കോളേജുകൾ	46622	24676	13228

(ബി) ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ/അലോട്ട്മെന്റ് ചെയ്യാതിരുന്ന സീറ്റുകൾ

സർക്കാർ	-	4
എയ്ഡഡ്	-	ഇല്ല
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ	-	729
സ്വാശ്രയ കോളേജുകൾ	-	11448

സീറ്റുകൾ ഒഴിഞ്ഞുകിടന്നത്, പ്രസ്തുത സീറ്റുകൾക്ക് വേണ്ടിയുള്ള ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലാതിരുന്നതുകൊണ്ടാണ്.

(സി) (i) അവസാന അലോട്ട്മെന്റിൽ ഉണ്ടായിരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകൾ

കോളേജുകൾ	പട്ടികജാതി	പട്ടികവർഗ്ഗ വിഭാഗം
സർക്കാർ	265	44
എയ്ഡഡ്	113	15
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ	289	11
സ്വാശ്രയ കോളേജുകൾ	825	471

(ii) അവസാനഘട്ട അലോട്ട്മെന്റിൽ ഒഴിഞ്ഞുകിടന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകൾ

കോളേജുകൾ	പട്ടികജാതി	പട്ടികവർഗ്ഗ വിഭാഗം
സർക്കാർ	ഇല്ല	ഇല്ല
എയ്ഡഡ്	ഇല്ല	ഇല്ല
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ	ഇല്ല	ഇല്ല
സ്വാശ്രയ കോളേജുകൾ	417	459

പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിന്റെ ഭൂമി

118 (1147) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളിടെക്നിക്കിന്റെ ഉടമസ്ഥതയിൽ വഴിക്കടവിലുള്ള ഭൂമിയിൽ നിന്നുള്ള 50 സെന്റിൽ സയൻസ് പാർക്ക് -കം- ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുന്നതിന് എൻ.ഒ.സി. നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂമിയുടെ ഉടമസ്ഥതാവകാശം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി ഭൂമി നൽകുന്നതിന് എൻ.ഒ.സി. നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly